# Malayala Manorama

## 29 August 2018

## Kannamaly, After Flood, Fishermen, Rescue Operation



കണ്ണമാലി ചെറിയകടവിൽ നിന്ന് ആലുവ പ്രദേശത്ത് രക്ഷാപ്രവർത്തനത്തിനായി പോയ ഗോഡ്സ് ലൗ വള്ളത്തിലെ മത്സ്യത്തൊഴിലാളികൾ മടങ്ങുന്നതിനു മുൻപ് അൻവർ സാദത്ത് എംഎൽഎക്കൊപ്പം എടുത്ത ചിത്രം.

# പ്രളയകാലത്തെ കണ്ണമാലി ഡയറീസ്

**മറക്കരുത്; മാതൃകയാക്കാം ഈ ധീരസംഘത്തെ**

കണ്ണമാലി • ഗോഡ്സ് ലൗ എന്ന പേരിലുള്ള കാരിയർ വള്ളവുമായി ചെറിയകടവിലെ മത്സ്യത്തൊഴിലാളികൾ പ്രളയ പ്രദേശത്തു നിന്നു രക്ഷപ്പെടുത്തി കരയ്ക്കെത്തിച്ചത് 1500ൽ ഏറെ ആളുകളെ. നാടിന്റെ ആദരവ് ഏറ്റുവാങ്ങുമ്പോഴും അവരുടെ ഓർമകളിൽ നിന്നു ദൈന്യതയുടെ മുഖങ്ങൾ മായുന്നില്ല.

70 പേർക്കു കയറാവുന്ന വള്ളവുമായി 16നു രാവിലെ ആലുവ ദേശം ഭാഗത്തേക്കു രക്ഷാപ്രവർത്തനത്തിനായി പോയ 15 അംഗ മത്സ്യത്തൊഴിലാളി സംഘത്തെ നയിച്ചതു മാനാശ്ശേരി ചാലിയച്ചംവീട് മാത്യു. ചെല്ലാനത്തു നിന്ന് 100 ലീറ്റർ എണ്ണയുമായാണ് പുറപ്പെട്ടതെന്നു സംഘത്തിലുണ്ടായിരുന്ന ആലുംപറമ്പിൽ എ.പി. റോയി പറഞ്ഞു.

മൂന്നു ദിവസം രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ട സംഘം വെള്ളമിറങ്ങിയതിനു ശേഷം ഒരു ദിവസം ശുചീകരണ ജോലികളിൽ കൂടി സഹായിച്ചിട്ടാണ് മടങ്ങി നാട്ടിൽ എത്തിയത്.

കഴിഞ്ഞ ദിവസം മുതൽ ഇവർ വീണ്ടും മീൻപിടിത്തത്തിനായി വള്ളം ഇറക്കിത്തുടങ്ങി.

ഒരു ദിവസം വൈകിട്ട്, രക്ഷാപ്രവർത്തനം അവസാനിപ്പിച്ച സമയം പാൽപ്പൊടിയുമായി എത്തിയ ആളുടെ പക്കൽ നിന്ന് അതുവാങ്ങി ഒറ്റപ്പെട്ട വീട്ടിൽ അമ്മൂമ്മയ്ക്കും അമ്മയ്ക്കുമൊപ്പം അകപ്പെട്ടുപോയ എട്ടു മാസം പ്രായമായ കുട്ടിക്കു നൽകാൻ പുറപ്പെട്ട രണ്ടു പേരെ കാണാതായ സംഭവം സംഘാംഗങ്ങളെ ഇന്നും ഭയപ്പെടുത്തുന്നു. ഫ്രാൻസിസ്, പ്രവീൺ ബോസ് എന്നിവരാണ് ബോയയിൽ കയറി ആ വീട് ലക്ഷ്യമാക്കി തുഴഞ്ഞു നീങ്ങിയത്.

ഇരുട്ടും ശക്തമായ അടിയൊഴുക്കും മറികടന്ന് പാൽപ്പൊടി നൽകി ഇവർ മടങ്ങിയെത്തിയതു പുലർച്ചെ മൂന്നു മണിയോടെയായിരുന്നുവെന്നു സംഘത്തോടൊപ്പം ഉണ്ടായിരുന്ന കൗൺസിലർ തമ്പി സുബ്രഹ്മണ്യം പറഞ്ഞു.

മസ്തിഷ്കാഘാതം മൂലം കിടപ്പുരോഗിയായ വയോധികനെ തോളിലെടുത്ത് ഏണിപ്പടിയിലൂടെ വള്ളത്തിലേക്കിറക്കുന്ന തടക്കം എത്ര പ്രയാസമേറിയ ദൗത്യവും ഏറ്റെടുക്കാൻ തയാറായി സ്രാങ്ക് ജോസഫ് റോബിനും സംഘാംഗങ്ങളും.

ജീവിതത്തിൽ മറക്കാനാവാത്ത ഒട്ടേറെ അനുഭവങ്ങളാണ് ഈ ദിവസങ്ങൾ തങ്ങൾക്കു സമ്മാനിച്ചതെന്നു സംഘാംഗങ്ങൾ പറയുന്നു.